LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വെള്ളനാട് ഗ്രാമപഞ്ചായത്തിനെയാണ് ഐ.കെ.എം. നേരിട്ടുള്ള സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. തുടർന്ന് അവശേഷിക്കുന്ന 990 ഗ്രാമ പഞ്ചായത്തുകളിലേയ്ക്കും ഈ പരപാടി വ്യാപിപ്പിക്കുന്നതാണ്.

(സി ആന്റ് ഡി) വെള്ളനാട് ഗ്രാമ പഞ്ചായത്ത് മാത്രമേ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുള്ളൂ. ഈ പഞ്ചായത്തിൽ അക്കൗണ്ട്സ്, റവന്യൂ, ഹെൽത്ത്, എസ്റ്റ്ബ്ളിഷ്മെന്റ്, കേരളാ വികസന പദ്ധതി, ബഡ്ജറ്റ്, തുടങ്ങിയ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ വൽക്കരിച്ചു. ഇതിനായി 9 ലക്ഷം രൂപ ചെലവായി.

(ഇ) ഐ.കെ.എം. 2004 മാർച്ച് 31 വരെ വിവിധ കമ്പനികളിൽനിന്നും വാങ്ങിയ സോഫ്റ്റ്വെയറുകളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. ഇതിനായി ഏകദേശം 48 ലക്ഷം രൂപ ചെലവഴിച്ചു. †

(എഫ്) ഈ സോഫ്റ്റ്വെയറുകൾ ഐ.കെ.എം.-ന്റെ പ്രവർത്തനത്തിന് വേണ്ടി മാത്രമാണ്.

(ജി) കിൻലിബ് പ്രോജക്ടിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് 33 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിൽ 13.18 കോടി രൂപയാണ് ഐ.കെ.എം.-ന് റിലീസ് ചെയ്തിട്ടുള്ളത് കമ്പ്യൂട്ടർ വൽക്കരണ പരിപാടി നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(എച്ച്) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

കുമാരപുരം-പട്ടം റോഡിന്റെ വീതികൂട്ടാൻ സ്വകാര്യഭൂമി ഏറ്റെടുക്കൽ

108 [2600] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ കുമാരപുരത്തുനിന്നും പട്ടത്തേയ്ക്ക് പോകുന്ന ബസ്സുകളും വാഹനങ്ങളും മുറിഞ്ഞപാലം ജംഗഷനിൽകൂടി മെഡിക്കൽ കോളേജ് പൊട്ടക്കുഴി റോഡിലേയ്ക്ക് തിരിയുന്ന വളവിൽ സ്വകാര്യവസ്തുവിൽനിന്നും എത്ര വീതിക്ക് ഭൂമിയെടുക്കുന്നുണ്ട്;

(ബി) ആ വളവിന് തൊട്ടുമുന്നിൽ ജി. ജി. ഹോസ്പിറ്റൽ കഴിഞ്ഞുള്ള വസ്തുവിൽനിന്ന് എത്ര വീതിക്ക് ഭൂമി എടുക്കുന്നുണ്ട്;

(സി) ജംഗ്ഷനിൽ റോഡ് വളയുന്ന ഭാഗത്തെക്കാൾ കൂടുതലായി പ്രസ്തുത വസ്തുവിൽനിന്ന് കൂടുതൽ വീതിക്ക് ഭൂമിയെടുക്കുന്നതിനെക്കുറിച്ച് വിശദീകരിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അവിടെ വാഹനങ്ങൾ പാർക്കു ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കാൻ ഉദ്ദേശ്യമുണ്ടോ; ഇല്ലെങ്കിൽ ജി. ജി. ഹോസ്പിറ്റൽ കോമ്പൗണ്ടിനുശേഷം കൂടുതൽ വീതിയിൽ സ്വകാര്യഭൂമിയെടുക്കുന്നതിനെപ്പറ്റി വിശദീകരിക്കാമോ;

(ഇ) മുറിഞ്ഞപാലം ജംഗ്ഷനിൽ പുതുതായി കെട്ടിയ രണ്ടുനില കെട്ടിടത്തിനും ജംഗ്ഷനുസമീപമുള്ള ബഹുനില കെട്ടിടങ്ങൾക്കും പാർക്കിംഗ് സ്ഥലം ഉണ്ടോ;

(എഫ്) അവയ്ക്ക് പാർക്കിംഗ് സ്ഥലത്തിന് എക്സംപ്ഷൻ കൊടുത്തിട്ടുണ്ടോ;

(ജി) ബഹുനിലകെട്ടിടങ്ങൾക്ക് പാർക്കിംഗ് സ്ഥലം ഇല്ലാത്തപ്പോൾ അടുത്തുള്ള സ്വകാര്യ ഭൂമിയിൽനിന്ന് സ്ഥലമെടുത്ത് വാഹനങ്ങൾക്ക് പാർക്കു ചെയ്യുവാൻ സൗകര്യമുണ്ടാക്കുന്നതിന്റെ കാരണം അറിയിക്കാമോ;

(എച്ച്) മുറിഞ്ഞപാലം ജംഗ്ഷനിൽനിന്ന് കുമാരപുരത്തേയ്ക്കുള്ള റോഡിന്റെ പ്രാരംഭത്തിൽ വാഹനം പാർക്കുചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുന്ന നടപടി ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ;

(ഐ) മുറിഞ്ഞപാലം ജംഗ്ഷൻ ഉൾപ്പെടെ കുമാരപുരത്തേയ്ക്കുള്ള റോഡിന്റെ വികസനത്തിനുവേണ്ടി ഓരോരുത്തരുടെയും സ്വകാര്യ ഭൂമിയെടുത്ത് ജംഗ്ഷൻ വികസിപ്പിക്കുമ്പോഴുള്ള പ്ലാനും അതിന് മുമ്പ് നിലവിലുള്ള രീതിയിലുള്ള പ്ലാനും ലഭ്യമാക്കുമോ?

ഉത്തരം

(എ) 3 മീറ്റർ മുതൽ 4.7 മീറ്റർ വരെ.

(ബി) 70 സെന്റീമീറ്റർ.

(സി) കൂടുതൽ ഭൂമി എടുക്കുന്നില്ല.

(ഡി) പാർക്കിംഗ് സൗകര്യം ഉണ്ടാക്കാൻ ഉദ്ദേശമില്ല. കൂടുതൽ ഭൂമി എടുക്കുന്നില്ല.

(ഇ) പാർക്കിംഗ് സ്ഥലം ലഭ്യമാണ്.

(എഫ്) പാലത്തിനു സമീപമുള്ള ബഹുനില കെട്ടിടത്തിന് ബിൽഡിംഗ് നിയമങ്ങളിൽനിന്ന് ഇളവ് ലഭിച്ചിട്ടുണ്ട്.

(ജി ആന്റ് എച്ച്) ഈ ഭാഗത്ത് വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനായി ഇപ്പോൾ പ്രത്യേക പദ്ധതി വിഭാവനം ചെയ്തിട്ടില്ല.

(ഐ) ജംഗ്ഷൻ വികസിപ്പിക്കുമ്പോഴുള്ള പ്ലാൻ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly